(എ) ഹരിപ്പാട്ട് തട്ടയ്ക്കാട്ട ദാമോദരൻപിള്ളയുടെ മരണം പോലീസ് മർദ്ദനം മൂലം ആണെന്നുള്ള പരാതിയിന്മേൽ ഗവൺമെണ്ടോ ഡിപ്പാർട്ടുമെണ്ടോ എന്തെങ്കിലും അന്വേഷണം നടത്തിയോ;

(ബി) അന്വേഷണം നടത്തിയെങ്കിൽ വല്ല റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ടോ;

(സി) അന്വേഷണഫലം എന്താണെന്നു പരസ്യപ്പെടുത്തിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉവ്വ്.

(ബി) അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) ഉദിക്കുന്നില്ല.

പരസ്യാന്വേഷണം

*ന. നു വു. (ക്രമ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തട്ടയ്ക്കാട്ട ദാമോദരൻപിള്ളയുടെ മരണം സംബന്ധിച്ചു ഒരു പരസ്യാന്വേഷണം നടത്തുന്നതിനു് ഗവൺമെണ്ടുത്തരവു ചെയ്തിട്ടുണ്ടോ;

(ബി) അതു ദാമോദരൻപിള്ളയുടെ മരണം കഴിഞ്ഞു എത്രനാൾക്കു് ശേഷമാണു്.

(സി) പരസ്യാന്വേഷണം നടത്തി ഗവൺമെണ്ടിലേക്കു് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

(ഡി) റിപ്പോർട്ടിന്റെ ചുരുക്കം എന്താണെന്നു പറയുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) [illegible]രണ്ടാഴ്ചയ്ക്കുള്ളിൽ.

(സി) ഒരു പ്രാരംഭ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടു്;

(ഡി) അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ പറയുവാൻ നിവർത്തിയില്ല.

പ്രിവൻറീവ് ഡിറ്റൻഷൻ ആക്ട്

*ന. നു ൻ. (ക്രമ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഫൻ @ ൦ൂൽ പ്രിവൻറീവ് ഡിറ്റൻഷൻ ആക്ടനുസരിച്ചു അറസ്റ്റ് ചെയ്യുവരിൽ ആരെയെങ്കിലും വിട്ടയയ്ക്കാതെയുണ്ടോ;

(ബി) ഫൻ @ ഫൂൽ പ്രിവൻറീവ് ഡിറ്റൻഷൻ ആക്ടനുസരിച്ചു ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ,

(സി) ആരെയെല്ലാം?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly